**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം -ഏഴിക്കര ഗ്രാമപഞ്ചായത്തിൽ തീരദേശപരിപാലന നിയമം ലംഘിച്ച് വീട് നിർമ്മിക്കുന്നതിന് എൻ.ഒ.സി നൽകിയത് - ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി.വി.സീന, എൽ.ഡി. ക്ലാർക്ക്, ശ്രീമതി. വി.സ്. ജനത എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.പി.ബി) വകുപ്പ്

സ.ഉ.(സാധാ)നം.1347/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 15/05/2012.

---

പരാമർശം:- (1) ശ്രീ. വി.പി.. മിലേഷിന്റെ 06/02/2009-ലെ ഹർജി..

(2) ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 23/06/2009-ലെ എ2-4186/09 നമ്പർ കത്ത്.

(3) എറണാകുളം റീജിയണൽ ടൗൺ പ്ലാനറുടെ 14/10/2009, 09/12/2009 എന്നീ തീയതികളിലെ എ3-2450/09 നമ്പർ കത്തുകൾ.

(4) 29/11/2010-ലെ 49125/ഇപിബി2/10/തസ്വഭവ നമ്പർ കുറ്റാരോപണ പത്രിക.

(5) കുറ്റാരോപണ പത്രികയ്ക്ക് ശ്രീമതിമാർ പി.വി.സീന, വി.എസ്. ജനത എന്നിവർ സമർപ്പിച്ച എതിർവാദ പത്രികകൾ.

(6) 21/06/2011-ലെ 49125/ഇപിബി2/10/തസ്വഭവ നമ്പർ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

(7) കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി.വി.എസ്. ജനത സമർപ്പിച്ച മറുപടി (തീയതി ഇല്ല).

(8) പഞ്ചായത്ത് ഡയറക്ടറുടെ 22/03/2012-ലെ ഡി2-2736/11 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം ഒന്നിലെ പരാതിയിൽ തന്റെ വീട് നിർമ്മാണത്തിന് ഏഴിക്കര ഗ്രാമപഞ്ചായത്ത് NOC നൽകിയിരുന്നുവെന്നും, പണിപൂർത്തീകരിച്ചപ്പോൾ പൊക്കാളി പാടത്ത് നിന്ന് 50 മീറ്റർ അകലം പാലിച്ചില്ലെന്ന കാരണത്താൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നമ്പർ അനുവദിച്ചു നൽകിയില്ലെന്നും, എന്നാൽ ഇതേ കാലയളവിൽ നിർമ്മിച്ച അയൽവാസിയായ ശ്രീ. ടി.ഡി. ജോസഫിന്റെ വീടിന് നമ്പർ നൽകിയെന്നും ശ്രീ.വി.പി. മിലേഷ് പരാതിപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ എറണാകുളം ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ അന്വേഷണത്തിൽ ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടതിനെ തുടർന്ന്, ക്രമക്കേടിന് ഉത്തരവാദികളായി കണ്ടെത്തിയ ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി.വി സീന, എൽ.ഡി. ക്ലാർക്ക്, ശ്രീമതി. വി.എസ്. ജനത എന്നിവർക്ക് പരാമർശം (4) പ്രകാരം കുറ്റാരോപണ പത്രിക നൽകി. ആയതിന്, പരാമർശം (5) പ്രകാരം

സമർപ്പിച്ച മറുപടിയിൽ പഞ്ചായത്തിൽ KMBR ബാധകമാക്കിയ 06/06/2007-ന് മുമ്പ് തന്നെ ശ്രീ. ജോസഫ് നിർമ്മിച്ച വീടിന് നമ്പറും ശ്രീ. മിലേഷിന് വീട് നിർമ്മിക്കുവാനായി NOC -യും, ബന്ധപ്പെട്ട വാർഡിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം, നൽകിയിരുന്നുവെന്നും 06/06/2007-ൽ KMBR ബാധകമാക്കിയതിനു ശേഷമാണ് ഗ്രാമപഞ്ചായത്തിൽ CRZ ബാധകമാകുന്നത് എന്ന ധാരണയിലാണ് ഇപ്രകാരം സംഭവിച്ചത് എന്നും നേരിട്ടുള്ള നിയമനം വഴി സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചതിനാൽ CRZ നിയമം സംബന്ധിച്ച് വ്യക്തമായ ധാരണയില്ലായിരുന്നുവെന്നും ശ്രീമതി. പി.വി. സീന അറിയിച്ചു.

കെട്ടിട നിർമ്മാണ ചട്ടം നിലവിൽ വരുന്നതിന് മുമ്പ് നിർമ്മിച്ച വീടുകൾക്ക് NOC കൊടുക്കുമ്പോഴും വീടിന് നമ്പർ നൽകുമ്പോഴും 220 ബി ലംഘനമുണ്ടോ എന്ന് മാത്രമാണ് ശ്രദ്ധിച്ചിരുന്നത് എന്നും ഈ കാലയളവിൽ തീരദേശ നിന്ത്രണ നിയമം നിർബന്ധമാക്കിയിരുന്നില്ല എന്നും CRZ നിയമം സംബന്ധിച്ച് യാതൊരു നിർദ്ദേശമോ അറിവോ ഇല്ലായിരുന്നുവെന്നും കെട്ടിട നിർമ്മാണ ചട്ടം വരുന്നതിന് മുമ്പ് തന്നെ നിർമ്മാണം ആരംഭിച്ച വീടായതിനാലാണ് ശ്രീ. ജോസഫിന്റെ വീടിന് നമ്പറും ശ്രീ. മിലേഷിന് വീട് നിർമ്മിക്കുവാൻ NOC -യും നൽകുവാൻ ശുപാർശ ചെയ്തത് എന്നും ടി നിയമങ്ങൾ സംബന്ധിച്ച് അറിവില്ലായിരുന്നതിനാലും മേലധികാരുകളുടെ നിർദ്ദേശം ലഭിക്കാതെയിരുന്നതിനാലുമാണ് വീഴ്ച ഉണ്ടായതെന്നും ശ്രീമതി. വി.എസ്. ജനത അറിയിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെട്ടിട നിർമ്മാണ ചട്ടങ്ങളെയും തീരദേശ പരിപാലന നിയമങ്ങളെയും കുറിച്ച് വ്യക്തമായ ധാരണയില്ലാത്തതിനാലാണ് ടി വീഴ്ചയുണ്ടായതെന്ന വാദം അംഗീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാലും ടി വീഴ്ചയ്ക്ക് ടിയാളുകൾ കുറ്റക്കാരാണെന്ന് വ്യക്തമാകുന്നതിനാലും, ടിയാളുടെ ഒരു വാർഷിക ശംമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടയുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് ടിയാളുകൾക്ക് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ആയതിന് ശ്രീമതി. പി.വി. സീന മറുപടിയൊന്നും സമർപ്പിച്ചിട്ടില്ലെന്ന് പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. വി.എസ്. ജനത സമർപ്പിച്ച മറുപടിയിൽ, കുറ്റാരോപണ പത്രികയ്ക്ക് സമർപ്പിച്ച മറുപടിയിൽ ബോധിപ്പിച്ചതിൽ കൂടുതലായി ഒന്നും ബോധിപ്പിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ, ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി. പി.വി.സീന, എൽ.ഡി. ക്ലാർക്ക്, ശ്രീമതി.വി.എസ്. ജനത എന്നിവരുടെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് തടയുന്നതായി എടുത്ത താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, ടിയാളുകൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
കെ. പി. ശ്രീകുമാർ,
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി. പി.വി.സീന, സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത്.
ശ്രീമതി. വി.എസ്. ജനത, എൽ.ഡി.ക്ലാർക്ക്. ഏഴിക്കര ഗ്രാമപഞ്ചായത്ത്.
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, എറണാകുളം.
സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത്, (പഞ്ചായത്ത് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (എ& ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം*

*സെക്ഷൻ ഓഫീസർ.*

*Web & New Media, South Block, Govt. Secretariat, Tvpm.*
*(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)*